Vegetable & Fruit Promotion Council Keralam

MYTHRI VFPCK

# ശീതകാല പച്ചക്കറി വിളകളുടെ പരിപാലന മുറകൾ












**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം**

മൈത്രിഭവൻ, ദൂരദർശൻ കേന്ദ്രത്തിനു സമീപം, കാക്കനാട്, കൊച്ചി



സീസൺ:
സെപ്റ്റംബർ – ഒക്ടോബർ
ജനുവരി – ഫെബ്രുവരി

വിത്തിന്റെ അളവ്:
ഒരു ഹെക്ടറിന് 250 ഗ്രാം

വിത്തുകൾ നഴ്സറിയിൽ പാകി തൈകൾ പറിച്ചുനടണം.

അകലം: 60 x 45 സെ.മീ.

# കാബേജ്

**ഹൈബ്രിഡ് ഇനം - NS 183**

- 1.75-2 കിലോ വലിപ്പം വരുന്ന ഉറപ്പുള്ള ഉരുണ്ട കായ്കൾ
- നല്ല വളർച്ചയുള്ള ചെടികൾ, കേരളത്തിലെ സമതലപ്രദേശങ്ങൾക്ക് യോജിച്ച ഇനം.
- ബ്ലാക്ക് റോട്ട് രോഗത്തിനെതിരെ പ്രതിരോധശേഷി
- പറിച്ചുനട്ടശേഷം 60 - 65 ദിവസങ്ങൾക്കുള്ളിൽ വിളവെടുപ്പ് നടത്താം.



# കോളിഫ്ളവർ

**ഹൈബ്രിഡ് ഇനം - ബസന്ത്**

- 1-1.5 കിലോ വലിപ്പം വരുന്ന വെളുത്ത നിറത്തിലുള്ള ഉറപ്പുള്ള കാർഡുകൾ
- നല്ല വളർച്ചയുള്ള ചെടികൾ, കേരളത്തിലെ സമതലപ്രദേശങ്ങൾക്ക് യോജിച്ച ഇനം
- പറിച്ചുനട്ട ശേഷം 55-60 ദിവസങ്ങൾക്കുള്ളിൽ വിളവെടുപ്പ് നടത്താം.

## തൈകൾ ഉൽപാദിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നല്ലവണ്ണം കമ്പോസ്റ്റായ ചകിരിച്ചോർ മാത്രം ഉപയോഗിക്കുക. അല്ലാത്തപക്ഷം മണ്ണും മണലും ചാണകപ്പൊടിയും, കമ്പോസ്റ്റും ചേർന്ന മിശ്രിതം മതിയാകും.
2. ചകിരിച്ചോർ കമ്പോസ്റ്റിനോടൊപ്പം ട്രൈക്കോഡെർമയോ സ്യൂഡോമോണാസോ നിർബന്ധമായും ചേർക്കേണ്ടതാണ്. കടചീയലിനു കാരണമായ ഫൈറ്റോഫ്തോറ, പിത്തിയം, ഫ്യൂസേറിയം എന്നീ കുമിളുകൾക്കെതിരെ പ്രവർത്തിച്ച് അവയെ നശിപ്പിക്കുവാനുള്ള കഴിവ് ഇവയ്ക്കുണ്ട്.
3. മണലും മണ്ണും ചാണകപ്പൊടിയും ചേർന്ന മിശ്രിതത്തിലാണ് തൈകൾ ഉൽപാദിപ്പിക്കുന്നതെങ്കിൽ, ചാണകപ്പൊടിയിൽ ട്രൈക്കോഡെർമ ചേർത്തുകൊടുക്കാം. നനവ് വേണമെന്നുമാത്രം.
4. ചകിരിച്ചോർ കമ്പോസ്റ്റ്, ചാണകപ്പൊടി എന്നിവയിൽ ട്രൈക്കോഡെർമ ചേർത്ത് ഒരാഴ്ചയെങ്കിലും കഴിഞ്ഞേ, വിത്തുനടാവൂ. ട്രൈക്കോഡെർമയുടെ പൂപ്പൽ വളർന്നു വ്യാപിക്കാനാണിത്.
5. ട്രൈക്കോഡെർമയോ സ്യൂഡോമോണാസോ ലഭിച്ചില്ലെങ്കിൽ, ഫൈറ്റോലാൻ എന്ന കുമിൾനാശിനി 4 ഗ്രാം / ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മിശ്രിതത്തിൽ ഒഴിച്ചു കൊടുക്കണം. ഇതിനുശേഷം 10 ദിവസം കഴിഞ്ഞേ വിത്തുനടാവൂ. അല്ലെങ്കിൽ വിത്തുകളുടെ അങ്കുരണശേഷി ഗണ്യമായി കുറയുന്നു.
6. 98 കാവിറ്റി സീഡ്‌ലിംഗ് ട്രേകളിലോ, കപ്പുകളിലോ പോളിത്തീൻ പാക്കറ്റിലോ മിശ്രിതം നിറച്ചശേഷം വിത്തുകൾ നടാം.
7. 50% ഷെയ്ഡ് ലഭിക്കത്തക്കവിധം, നേരിട്ട് വെയിലേൽക്കാതെ, ഷെയ്ഡ് നെറ്റിൽ നട്ട തൈകൾക്ക് ആരോഗ്യവും വളർച്ചയും കൂടുതലായിരിക്കും.
8. വിത്തുകൾ മുളച്ചുവന്നതിനുശേഷം ഒന്നിടവിട്ട ദിവസങ്ങളിൽ 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്. ബാക്ടീരിയ, കുമിളുകൾ തുടങ്ങിയ രോഗങ്ങൾക്കെതിരെ ഇതു കഴിഞ്ഞേയുള്ളൂ മറ്റൊരു പ്രതിവിധി.
9. 15 ദിവസം പ്രായമായ തൈകൾക്ക് 19:19:19 വളമിശ്രിതം, 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. തുടർന്ന് 3 ദിവസങ്ങൾക്കുശേഷം ഇതേ മിശ്രിതം 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം.
10. സ്യൂഡോമോണാസും, വളമിശ്രിതവും ഒരുമിച്ച് തളിക്കാതിരിക്കാൻ ശ്രദ്ധിക്കണം.
11. 20 - 25 ദിവസം പാകമാകുമ്പോൾ, നടാൻ തയ്യാറായ തൈകൾക്ക് നന അല്പം കുറയ്ക്കാം. തൈകളെ ഹാർഡനിംഗിന് വിധേയമാക്കലാണിത്.
12. ട്രേകൾ ക്രേറ്റുകളിൽ കൊണ്ടുപോകുന്നതിനുമുമ്പ് ഒരു സ്യൂഡോമോണാസ് സ്പ്രേ നൽകാം. കമ്പോസ്റ്റ് മിശ്രിതം ഇളകി തൈകൾ വീണുപോകാതിരിക്കാനാണിത്.

## തൈകൾ തയ്യാറാക്കൽ



തൈകൾ പറിച്ചുനടേണ്ട വിളകളാണ് കാബേജും, കോളിഫ്ളവറും. അതിനാൽ ആദ്യം നഴ്സറി തയ്യാറാക്കി തൈകൾ ഉൽപ്പാദിപ്പിക്കണം. ഇവയുടെ വിത്തുകൾ ഭാരം കുറഞ്ഞ് കടുകുമണികൾ പോലെയുള്ളതായതിനാൽ തവാരണകളെ ശക്തമായ മഴയിൽ നിന്നും സംരക്ഷിക്കണം. തുറസ്സായ സ്ഥലത്തോ ഷെയ്ഡ്നെറ്റിലോ തൈകൾ ഉണ്ടാക്കാം. നാലോ അഞ്ചോ ദിവസംകൊണ്ട് വിത്തുകൾ മുളച്ചുപൊങ്ങും. 25 ദിവസം പ്രായമാകുമ്പോൾ (8-10 സെ.മീ. ഉയരത്തിലുള്ള തൈകൾ) പറിച്ചുനടാം.

## പരിപാലനമുറകൾ

ധാരാളം സൂര്യപ്രകാശവും നല്ല നീർവാർച്ചയുമുള്ള സ്ഥലങ്ങളാണ് കൃഷി ചെയ്യാൻ ഉചിതം. ഒരടി വീതിയിലും അരയടി താഴ്ചയിലും ആവശ്യമായ നീളത്തിലും രണ്ടടി അകലത്തിൽ ചാലുകൾ കീറി അവയിൽ മേൽമണ്ണും, ഉണക്കി പൊടിച്ച ചാണകപ്പൊടി / കമ്പോസ്റ്റ് (സെന്റിന് 100 കിലോ) ചേർത്തു ചാലിന്റെ മുക്കാൽ ഭാഗത്തോളം മൂടണം. ഈ ചാലുകളിൽ ഒന്നരയടി അകലത്തിൽ തൈകൾ നടാം. നട്ട് മൂന്നോ നാലോ ദിവസത്തേക്ക് തണൽ കുത്തിക്കൊടുക്കുന്നത് തൈകൾ എളുപ്പം പിടിച്ചു കിട്ടുന്നതിനു സഹായിക്കും.

നടീൽ കഴിഞ്ഞ് പത്തുദിവസമാകുമ്പോൾ സെന്റിന് ഒരുകിലോ ഫാക്ടംഫോസും അരകിലോ പൊട്ടാഷും നൽകണം. ആദ്യം വളപ്രയോഗം കഴിഞ്ഞാൽ 35 ദിവസത്തിനുശേഷം ഒരുകിലോ ഫാക്ടംഫോസും അര കിലോ പൊട്ടാഷും നൽകണം. 15 ദിവസത്തിനുശേഷം ഒരുകിലോ ഫാക്ടംഫോസും നൽകാം. രണ്ടുംമൂന്നും വളപ്രയോഗത്തിനുശേഷം മണ്ണ് കയറ്റികൊടുക്കണം. മണ്ണിര കമ്പോസ്റ്റ് / കടലപ്പിണ്ണാക്ക് എന്നിവ നട്ട് മൂന്നാഴ്ചയ്ക്ക് ശേഷം നൽകാവുന്നതാണ്. ചെടികൾ വളരുന്നതിനനുസരിച്ച് മണ്ണ് കയറ്റികൊടുക്കേണ്ടതാണ്.



മുളച്ചുവരുന്ന തൈകൾക്ക് സാധാരണയായി കണ്ടുവരുന്ന കുമിൾ രോഗമാണ് കടചീയൽ. തവാരണകളിൽ വിത്ത് പാകുന്നതിനുമുമ്പ് മുമ്പുതന്നെ കുമിൾ നാശിനി തളിക്കുന്നതും വിത്ത് വരിവരി

തായി പാകുന്നതും വഴി ഈ രോഗം ഒരുപരിധിവരെ തടയാൻ സാധിക്കും. മുളച്ചുവരുന്ന തൈകളുടെ കടഭാഗം ചീഞ്ഞ് തൈകൾ ഉണങ്ങിപ്പോകുന്നതാണ് ഈ രോഗത്തിന്റെ ലക്ഷണം. രോഗലക്ഷണം കണ്ടാൽ നനകുറയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ ഫൈറ്റോലാൻ അഥവാ കോപ്പർഓക്സി ക്ലോറൈഡ് എന്ന കുമിൾനാശിനി നാലുഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി ചെടികളുടെ കടഭാഗത്ത് മണ്ണിൽ ഒഴിച്ചുകൊടുക്കണം.

മഴയുടെ തോതനുസരിച്ച് നന ക്രമീകരിക്കണം. മഴ തീരെയില്ലെങ്കിൽ ഒന്നിടവിട്ട ദിവസങ്ങളിൽ നനക്കേണ്ടിവരും. തൈകൾ നട്ട് 40 - 45 ദിവസത്തിനുള്ളിൽ കോളിഫ്ളവർ വിരിഞ്ഞുതുടങ്ങും. കാബേജ് ഹെഡുകൾ നട്ട് 55 - 60 ദിവസത്തിനുള്ളിൽ കാബേജും കോളിഫ്ളവറും വിളവെടുക്കാം. കോളിഫ്ളവർ കർഡ് പൂർണ്ണ വളർച്ചയെത്തി ഒതുങ്ങിയിരിക്കുമ്പോൾ തന്നെ വിളവെടുക്കേണ്ടതാണ്. വിളവെടുപ്പ് വൈകിയാൽ അവ വിടർന്നുപോകും. കാബേജും വളർച്ചയെത്തിയാൽ ഉടനെ വിളവെടുക്കണം. കോളിഫ്ളവർ കർഡുകൾക്ക് നല്ല നിറം കിട്ടുന്നതിന് വേണ്ടി സൂര്യപ്രകാശം അടിക്കാതെ കർഡുകൾ വിരിഞ്ഞു കഴിയുമ്പോൾ ചുറ്റുമുള്ള ഇലകൾകൊണ്ട് പൊതിഞ്ഞ് കൊടുക്കാവുന്നതാണ്. ഇലതീനിപ്പുഴുക്കളെ നിയന്ത്രിക്കാൻ ഗോമൂത്രം കാന്താരിമുളക് ലായനി തളിക്കാം.

# കാപ്സിക്കം

**ഇനം - കാലിഫോർണിയ വണ്ടർ**
**സീസൺ : സെപ്റ്റംബർ - ഒക്ടോബർ, ജനുവരി - ഫെബ്രുവരി**
**വിത്തിന്റെ തോത് - സെന്റിന് 4 ഗ്രാം**



## നടീൽ രീതി

കാപ്സിക്കം പറിച്ചുനടേണ്ട വിളയാണ്. നഴ്സറിയിൽ തൈകൾ തയ്യാറാക്കി ഒരുമാസം പ്രായമുള്ള തൈകൾ പറിച്ചുനടണം. വിത്തുകൾ പാകുന്നതിനായി ഒരുമീറ്റർ വീതിയും ആവശ്യാനുസരണം നീളവുമുള്ള തവാരണകൾ തയ്യാറാക്കി ഉണക്കിപ്പൊടിച്ച ചാണകപ്പൊടി നന്നായി ഇളക്കി ചേർക്കുക. ഫൈറ്റോലാൻ 4 ഗ്രാം 1 ലി. വെള്ളത്തിൽ എന്ന തോതിൽ ലായനി ഉണ്ടാക്കി നഴ്സറിയിൽ ഒഴി

ച്ചുകൊടുക്കുക. ഫൈറ്റോലാൻ പ്രയോഗിച്ച് 10 ദിവസം കഴിഞ്ഞതിന് ശേഷം വിത്തുകൾ പാകി പച്ചിലകൾ കൊണ്ട് പുതയിടുക. ദിവസവും രാവിലെ നന കൊടുക്കേണ്ടതാണ്. വിത്തുകൾ മുളച്ച് കഴിയുമ്പോൾ പുത മാറ്റണം. പറിച്ചുന ടുന്നതിന്റെ തലേ ദിവസം ധാരാളമായി ജലസേചനം നൽകണം.

## വളപ്രയോഗം

നന്നായി കിളച്ചൊരുക്കിയ മണ്ണിൽ ചാലുകൾ ഉണ്ടാക്കി ഉണക്കിപ്പൊടിച്ച ചാണകപ്പൊടി ചേർത്തിളക്കിയ ശേഷം തൈകൾ പറിച്ചു നടാവുന്നതാണ്. പറിച്ചു നടുന്നതിന് മുമ്പ് ഫൈറ്റോലാൻ 4 ഗ്രാം 1 ലി. വെള്ളത്തിൽ എന്ന തോതിൽ ചാലുകളിൽ ഒഴിച്ച് കൊടുക്കുന്നത് നല്ലതാണ്. പറിച്ചു നട്ട് 3-4 ദിവസത്തേക്ക് തണൽ കുത്തിക്കൊടുക്കണം. ചെടികൾ തമ്മിൽ 45 x 45 സെ.മീ. അകലം നൽകണം. സെന്റിന് 650 ഗ്രാം യൂറിയ, 800 ഗ്രാം മസൂറിഫോസ്, [illegible] ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന രീതിയിൽ രാസവളപ്രയോഗം നടത്തേണ്ടതാണ്. ഇതിൽ പകുതി യൂറിയയും, മുഴുവൻ മസൂറിഫോസും പകുതി പൊട്ടാഷും പറിച്ചുനട്ട് ഒരാഴ്ച കഴിഞ്ഞ് നൽകേണ്ടതാണ്. ബാക്കിയുള്ള പൊട്ടാഷും ബാക്കിയുള്ള യൂറിയയുടെ നാലിലൊന്നും 30 ദിവസത്തിന്ശേഷം നൽകാം. ബാക്കിയുള്ള യൂറിയ നട്ട് രണ്ട്മാസത്തിന് ശേഷം നൽകാവുന്നതാണ്. വളപ്രയോഗത്തോടൊപ്പം മണ്ണിളക്കലും, മണ്ണ് കയറ്റികൊടുക്കലും നടത്തണം. ചെടികൾ വളർന്ന് വലുതായി കഴിയുമ്പോൾ ആവശ്യമെങ്കിൽ താങ്ങ് നൽകേണ്ടതാണ്.



## പരിപാലനമുറകൾ

വേനൽക്കാലത്ത് മൂന്ന് ദിവസം ഇടവിട്ട് ജലസേചനം നടത്തേണ്ടതാണ്. കാപ്സിക്കത്തിന് ആദ്യം ഉണ്ടാകുന്ന പൂക്കൾ പറിച്ച് കളയണം. ഇത് ചെടികൾക്ക് കൂടുതൽ ശിഖരങ്ങൾ ഉണ്ടാകുന്നതിന് വേണ്ടിയാണ്. കായ്കൾ നല്ല തിളക്കമുള്ള പച്ചനിറമാകുമ്പോൾ വിളവെടുക്കാം.



# ബീറ്റ്റൂട്ട്

ഇനം - മധുർ
സീസൺ : സെപ്റ്റംബർ - ഒക്ടോബർ,
ജനുവരി - ഫെബ്രുവരി
വിത്തിന്റെ തോത് - സെന്റിന് 32 ഗ്രാം

## നടീൽ രീതി

വേരിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തടങ്ങൾ എടുത്താണ് ബീറ്റ്റൂട്ട് നടുന്നത്. 2 സെ.മീ. ഉയരവും 30 - 35 സെ.മീ. വീതിയുമുള്ള തടങ്ങൾ 30 സെ.മീ. അകലത്തിൽ എടുക്കുക. അതിൽ 20 സെ.മീ. അകലത്തിൽ രണ്ട് വരികളായി 20 സെ.മീ. അകലത്തിൽ വിത്ത് പാകുക. വിത്തുകൾ പാകിയശേഷം മണ്ണുകൊണ്ട് മൂടുക. വിത്തിട്ടശേഷം മുളയ്ക്കുന്നതുവരെ പുത കൊടുക്കുക.



## വളപ്രയോഗം

വിത്തിടുന്നതിനുമുമ്പ് ഉണക്കിപ്പൊടിച്ച ചാണകപ്പൊടി സെന്റിന് 100 കിലോ എന്ന തോതിൽ ചേർത്തു കൊടുക്കുക. സെന്റിന് 650 ഗ്രാം യൂറിയ, 750 ഗ്രാം മസൂറിഫോസ്, 250 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ രാസവളപ്രയോഗം നടത്തുക. ഇതിൽ മുഴുവൻ മസൂറിഫോസും പൊട്ടാഷും, പകുതി യൂറിയയും നട്ട് ഒരാഴ്ചക്കുശേഷം നൽകുക. ബാക്കിയുള്ള പകുതി യൂറിയ ചെടികൾ നന്നായി വളർന്നു തുടങ്ങുമ്പോൾ മേൽ വളമായി നൽകാവുന്നതാണ്.

## പരിപാലനമുറകൾ

വിത്തുകൾ മുളക്കുന്നതിന് മണ്ണിൽ ആവശ്യത്തിന് ജലാംശം ഉണ്ടായിരിക്കണം. ചെടികൾ തമ്മിലുള്ള അകലം ക്രമീകരിക്കുന്നതിന് നട്ട് മൂന്നാഴ്ചയ്ക്ക് ശേഷം ഇടയിലുള്ള തൈകൾ പറിച്ചുമാറ്റാവുന്നതാണ്. വേരിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് മണ്ണ് ഇളക്കികൊടുക്കണം. വേരുകൾ നന്നായി വളർന്നു തുടങ്ങുമ്പോൾ മണ്ണ് കയറ്റികൊടുക്കണം. നട്ട് രണ്ട് - മൂന്ന് മാസം കഴിയുമ്പോൾ ബീറ്റ്റൂട്ട് വിളവെടുക്കാം.



**ബീറ്റ്റൂട്ട് തൈകൾ പറിച്ചുനടാൻ പാടില്ല.**



# കാരറ്റ്

ഇനം - സൂപ്പർ കുറോഡ
സീസൺ : സെപ്റ്റംബർ - ഒക്ടോബർ,
ജനുവരി - ഫെബ്രുവരി
വിത്തിന്റെ തോത് - സെന്റിന് 25 ഗ്രാം

## നടീൽ രീതി

വേരിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തടങ്ങൾ എടുത്താണ് കാരറ്റ് നടുന്നത്. 20 സെ.മീ. ഉയരവും 30 - 35 സെ.മീ. വീതിയുള്ള തടങ്ങൾ 30 സെ.മീ. അകലത്തിൽ എടുക്കുക. അതിൽ 20 സെ.മീ. അകലത്തിൽ രണ്ട് വരികളായി 10 സെ.മീ. അകലത്തിൽ വിത്ത് പാകുക. വിത്തുകൾ മണലുമായി കലർത്തി പാകിയശേഷം മണ്ണുകൊണ്ട് മൂടുക. വിത്തിട്ടശേഷം ഒരാഴ്ചയോളം എടുക്കും. ആദ്യഘട്ടത്തിൽ തൈകൾ വളരെ സാവധാനമേ വളരുകയുള്ളൂ. അതുകൊണ്ട് ആ സമയത്ത് കളകൾ നീക്കം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

## വളപ്രയോഗം

വിത്തിടുന്നതിന് മുമ്പ് ഉണക്കിപ്പൊടിച്ച ചാണകപ്പൊടി സെന്റിന് 100കിലോ എന്ന തോതിൽ ചേർത്തുകൊടുക്കുക. സെന്റിന് 650 ഗ്രാം യൂറിയ, 1.25 കിലോ മസൂറിഫോസ്, 330 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ രാസവളപ്രയോഗം നടത്തുക. ഇതിൽ മുഴുവൻ മസൂറിഫോസും പൊട്ടാഷും, പകുതി യൂറിയയും നട്ട് ഒരാഴ്ചക്കുശേഷം നൽകുക. ബാക്കിയുള്ള പകുതി യൂറിയ നട്ട് ഒരു മാസത്തിനുശേഷം മേൽവളമായി നൽകാവുന്നതാണ്.

## പരിപാലനമുറകൾ

വിത്തുകൾ മുളക്കുന്നതിന് മണ്ണിൽ ആവശ്യത്തിന് ജലാംശം ഉണ്ടായിരിക്കണം. ചെടികൾ തമ്മിലുള്ള അകലം ക്രമീകരിക്കുന്നതിന് നട്ട് മൂന്നാഴ്ചയ്ക്ക് ശേഷം ഇടയിലുള്ള തൈകൾ നിർബന്ധമായും പറിച്ചു മാറ്റേണ്ടതാണ്. അല്ലാത്തപക്ഷം വേരുകൾനേർത്ത് പോകാനിടയാകുന്നു. വേരിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് മണ്ണ് കയറ്റിക്കൊടുക്കണം. നട്ട് മൂന്ന് - മൂന്നര മാസം കഴിയുമ്പോൾ കാരറ്റ് വിളവെടുക്കാം. വിളവെടുക്കാൻ പാകമായി കഴിയുമ്പോൾ തടങ്ങളിൽ ചെറിയ വിള്ളലുകളിൽ കാണാം. ഈ സമയത്താണ് കാരറ്റ് വിളവെടുക്കേണ്ടത്.


**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം**
മൈത്രി ഭവൻ, ദൂരദർശൻ കേന്ദ്രത്തിനുസമീപം, കാക്കനാട്, കൊച്ചി - 37
ഫോൺ : 0484 - 2427560, 2427455, 2427544, ഫാക്സ് 0484 2427570
E-mail: vfckorg@gmail.com Website: www.vfpck.org